# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 16**

---

***ഒരു വർഷത്തെ ആഘോഷ പരിപാടികൾ മന്ത്രി ആർ.ബിന്ദു ഇന്ന് ഉദ്ഘാടനം ചെയ്യും***

## എം.ജി സർവകലാശാലാ പരിസ്ഥിതി ശാസ്ത്ര പഠനവകുപ്പ് രജത ജൂബിലി നിറവിൽ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പിരസ്ഥിതിശാസ്ത്ര പഠന വകുപ്പ്(എസ്.ഇ.എസ്) ഇരുപത്തിയഞ്ചു വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായുള്ള ആഘോഷങ്ങൾക്ക് ഇന്ന്(ഫെബ്രുവരി 17) തുടക്കമാകും. ഉച്ചകഴിഞ്ഞ് രണ്ടിന് വകുപ്പ് ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ എക്കോടോൺ എന്ന പേരിലുള്ള ഒരു വർഷത്തെ ആഘോഷ പരിപാടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും.

വകുപ്പിൽ പുതുതായി ആരംഭിക്കുന്ന ഡ്രോൺ സംവിധാനത്തിൻറെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. പരിസ്ഥിതി ഓഡിറ്റ് മികവിനുള്ള ഐഎസ്ഒ 14001:2015 ഇഎംഎസ് സർട്ടിഫിക്കറ്റ് ജോബ് മൈക്കിൾ എം.എൽ.എ സർവകലാശാലയ്ക്ക് കൈമാറും.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ ലോഗോ പ്രകാശനം ചെയ്യും. വകുപ്പിൻറെ മുൻ ഡയറക്ടർമാരെയും അധ്യാപകരെയും വൈസ് ചാൻസലർ ആദരിക്കും.

ഡോ. ആർ. സതീഷ് എൻഡോവ്മെൻറ് പുരസ്കാരം രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ വിതരണം ചെയ്യും. സിൽവർ ജൂബിലി ലോഗോ പ്രകാശനം എം.ജി സർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ നിർവഹിക്കും. പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, വകുപ്പ് ഡയറക്ടർ ഡോ. കെ.ആർ. ബിജു, മുൻ ഡയറക്ടർ പ്രഫ. ഇ.വി രാമസ്വാമി, ഡബ്ല്യു.ഡബ്ല്യു.എഫ് ഇന്ത്യ സ്റ്റേറ്റ് ഡയറക്ടർ രഞ്ജൻ മാത്യു വർഗീസ്, ഡോ. കെ.പി. ജോയ്, ഡോ. എ.പി. തോമസ്, പ്രഫ. എ.പി പ്രദീപ് കുമാർ എന്നിവർ സംസാരിക്കും.

സംസ്ഥാനത്തെ ഒരു സർവകലാശാലാ പഠന വകുപ്പിൽ ഇതാദ്യമായാണ് ഡ്രോൺ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തിനും ദുരന്ത നിവാരണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ഡ്രോൺ പ്രയോജനപ്പെടുത്തുമെന്ന് വകുപ്പ് മേധാവി ഡോ. കെ.ആർ. ബൈജു പറഞ്ഞു.

സംസ്ഥാനത്ത് ആദ്യമായാണ് ഒരു സർവകലാശാലയ്ക്ക് ഐഎസ്ഒ 14001:2015 ഇഎംഎസ് സർട്ടിഫിക്കേഷൻ ലഭിക്കുന്നത്.

പരിസ്ഥിതി ശാസ്ത്രത്തിൻറെ വിവിധ ശാഖകളിൽ ഉന്നത പഠന സൗകര്യം ലഭ്യമാക്കുന്നതിനായി 1995ലാണ് സർവകലാശാലാ കാമ്പസിൽ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ് പ്രവർത്തനമാരംഭിച്ചത്. സംസ്ഥാനത്ത് ആദ്യമായി ഒരു സർവകലാശാലയിൽ ഐ.എസ്.ആർ.ഒയുടെ സഹകരണത്തോടെ കേന്ദ്രീകൃത റിമോട്ട് സെൻസിംഗ്, ജി.ഐ.എസ് സംവിധാനങ്ങൾ ഏർപ്പെടുത്തിയത് എസ്.ഇ.എസിലാണ്. ധ്രുവ മേഖലയിലെ ശാസ്ത്ര, സാമൂഹിക ശാസ്ത്ര പഠനങ്ങളിൽ പങ്കാളിയായ ഇൻറർനാഷണൽ സെൻറർ ഫോർ പോളാർ സ്റ്റഡീസും ഇവിടെ പ്രവർത്തിക്കുന്നു. 2013 മുതൽ ഇന്ത്യൻ പോളാർ പര്യവേഷണ സംഘത്തിൻറെ ഭാഗമാണ് എസ്.ഇ.എസ്.

ജലം, വായു, മണ്ണ്, ശബ്ദം എന്നിവയുടെ മലിനീകരണ വിശകലന സംവിധാനവും വിഷശാസ്ത്രം, മാലിന്യ സംസ്കരണം, ജൈവ വൈവിധ്യം, തണ്ണീർ തടങ്ങൾ, പർവതങ്ങൾ, കലാവസ്ഥാ വ്യതിയാനം എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾക്കായി സുസജ്ജമായ ലാബോറട്ടറിയും എസ്.ഇ.എസിലുണ്ട്. സംസ്ഥാനത്ത് ആദ്യമായി ദുരന്ത നിവാരണത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ചത് ഇവിടെയാണ്.

പൊതു സമൂഹത്തിന് ഗുണകരമാകുന്ന കൺസൾട്ടൻസി സേവനങ്ങളും വകുപ്പ് ലഭ്യമാക്കിവരുന്നു. ശാസ്ത്ര സാങ്കേതിക മേഖലകളിലെ പഠന ഗവേഷണങ്ങൾക്കായുള്ള ഇന്ത്യ യു.എസ് പങ്കാളിത്ത പദ്ധതിയായ സിംഗ്-ഒബാമ നോളജ് ഇനിഷ്യേറ്റീവിലേക്ക് 2012ൽ എസ്.ഇ.എസ് തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 2018ലെ പ്രളയത്തെത്തുടർന്നുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും വെള്ളപ്പൊക്ക മാപ്പിംഗിലും വകുപ്പ് സജീവമായി പങ്കുചേർന്നിരുന്നു.

(പി.ആർ.ഒ/39/187/2023)

## എം.ജി. സർവകലാശാലയിൽ ഡിപ്പാർട്ട്മെൻറ് മാനേജ്മെൻറ് സിസ്റ്റം ഉദ്ഘാടനം ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഡിപ്പാർട്ട്മെൻറ് മാനേജ്മെൻറ് സിസ്റ്റം (ഡി.എം.എസ്) ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഇന്ന് (ഫെബ്രുവരി 17)ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് രണ്ടിന് സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൻറെ രജത ജൂബിലി ആഘോഷ ഉദ്ഘാടനത്തോടനുബന്ധിച്ചാണ് ഡി.എം.എസിന് തുടക്കം കുറിക്കുക.

ഉദ്യോഗസ്ഥരുടെയും അധ്യാപകരുടെയും ജോലികൾ ഡിജിറ്റൈസ് ചെയ്യുകയും അതുവഴി വിദ്യാർഥികൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുകയുമാണ് സംവിധാനത്തിൻറെ ലക്ഷ്യം.

ഡി.എം.എസ് പൂർണമായും പ്രവർത്തനക്ഷമമാകുന്നതോടെ വകുപ്പുകളുടെയും വിദ്യാർഥികളുടെയും അക്കാദമിക് പ്രവർത്തനങ്ങൾ കൂടുതൽ കൃത്യമായി വിലയിരുത്താൻ സർവകലാശാലയ്ക്ക് സാധിക്കും. വകുപ്പുകൾക്ക് കോഴ്സ് മാപ്പിംഗിനും പരീക്ഷാ ഫലം തയ്യാറാക്കുന്നതിനും സംവിധാനം ഉപകരിക്കും.

കോഴ്സ് കാലയളവിലും അതിനു ശേഷവും ഉപയോഗിക്കാൻ കഴിയുന്ന യൂണീക് ഐഡൻറിഫിക്കേഷൻ നമ്പർ വിദ്യാർഥികൾക്ക് നൽകും. അധ്യാപകർക്ക് വിദ്യാർഥികളുടെ

ഹാജർ നില അപ്ഡേറ്റ് ചെയ്യാൻ ക്രമീകരണമുണ്ട്. പരീക്ഷയുടെ തയ്യാറെടുപ്പുകൾ, കോഴ്സ് രജിസ്ട്രേഷൻ, ഹാൾ ടിക്കറ്റ് ലഭ്യമാക്കൽ എന്നിവയ്ക്കും ഡി.എം.എസിൽ സൗകര്യമുണ്ട്.

സർവകലാശാലയിലെ ഐ.ടി. വിഭാഗമാണ് ഡിപ്പാർട്ട്മെൻറ് മാനേജ്മെൻറ് സിസ്റ്റം വികസിപ്പിച്ചത്.

(പി.ആർ.ഒ/39/188/2023)

## ഡിമെൻഷ്യ കെയർ; സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു

മഹാത്മാ ഗാന്ധി സർവകകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും (ഐ.യു.സി.ഡി.എസ്) പാലാ ഡിമെൻഷ്യ കെയറും സംയുക്തമായി നടത്തുന്ന ഡിമെൻഷ്യ കെയർ സർട്ടിഫിക്കറ്റ് കോഴ്സിന് തുടക്കമായി.

പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. ഐ.യു.സി.ഡി.എസ് ഓണററി ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു.

കോട്ടയം മെഡിക്കൽ കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. വർഗീസ് പുന്നൂസ് മുഖ്യപ്രഭഷണം നടത്തി.

ജോയിൻറ് ഡയറക്ടർ ഇ. രാജേഷ് പാലാ ഡിമെൻഷ്യകെയർ പ്രസിഡൻറ് എബ്രഹാം പാലക്കുടി, ജനറൽ സെക്രട്ടറി ഡോ. രാജു ഡി. കൃഷ്ണപുരം, പത്തനാപുരം ഗാന്ധിഭവൻ ഡയറക്ടർ  അമൽ രാജ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/189/2023)

## പരീക്ഷാ തീയതി

ഒന്നാം വർഷ ബി.എസ്.സി എം.ആർ.ടി (20082015 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് ഒന്നിനും രണ്ടാം വർഷ ബി.എസ്.സി എം.ആർ.ടി (20082015 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 20 നും മൂന്നാം വർഷ ബി.എസ്.സി എം.ആർ.ടി (2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2008-2014 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഏപ്രിൽ 10 നും തുടങ്ങും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

............................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൻറെ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്ററുകൾ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്, 2012-2015 അഡ്മിഷനുകൾ സപ്ലിമെൻററി, 2011 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 24 ന് തുടങ്ങും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

.............................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൻറെ ഒന്ന്, അഞ്ച് സെമസ്റ്ററുകൾ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്, 2016, 2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ മാർച്ച് മൂന്നിന് തുടങ്ങും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/190/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് കെമിസ്ട്രി (2020 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022), എം.എസ്.സി അനലിറ്റിക്കൽ കെമിസ്ട്രി (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് ഒന്ന് വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..................................

രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി (ഓണേഴ്സ്, 2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി - ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം മാർച്ച് രണ്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...........................................

2022 ഓഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.കോം (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി), മാസ്റ്റർ ഓഫ് കൊമേഴ്സ് ആൻറ് മാനേജ്മെൻറ് (2020 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/191/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**